## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2077

07.07.2015-ലെ മറുപടിയ്ക്ക്

### കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ് പുതുതായി എന്തൊക്കെ സ്ഥാപനങ്ങൾ തുടങ്ങി; വിശദാംശങ്ങൾ അറിയിക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 3 സോണൽ ഓഫീസുകൾ, 4 റീജിയണൽ ആഫീസുകൾ, 1 ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, 1 ശുശ്രൂഷ ഹൈടെക് ക്ലിനിക്കൽ ലാബ് എന്നീ സ്ഥാപനങ്ങൾ കൺസ്യൂമർ ഫെഡറേഷൻ പുതുതായി തുടങ്ങിയിട്ടുണ്ട്.

(ബി) എത്ര ജീവനക്കാരെ ഈ പുതിയ സ്ഥാപനങ്ങളിൽ നിയമിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) 150 പേരെ ഈ പുതിയ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിയമന രീതി | | ആകെ |
|---|---|---|---|
| | കോൺട്രാക്ട് | ദിവസ വേതനം | |
| സോണൽ ആഫീസ് ആലപ്പുഴ | 6 | 10 | 16 |
| സോണൽ ആഫീസ്, തൃശ്ശൂർ | 1 | 9 | 10 |
| സോണൽ ആഫീസ്, കണ്ണൂർ | - | 8 | 8 |
| റീജിയണൽ ആഫീസ്, പത്തനംതിട്ട | 2 | 20 | 22 |

| | | | |
|---|---|---|---|
| റീജിയണൽ ആഫീസ്, കോട്ടയം | 3 | 15 | 18 |
| റീജിയണൽ ആഫീസ്, തൃശ്ശൂർ | 3 | 16 | 19 |
| റീജിയണൽ ആഫീസ്, പാലക്കാട് | 1 | 15 | 16 |
| ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി | 1 | 27 | 28 |
| ശുശ്രൂഷ ക്ലിനിക്കൽ ലാബ്, കായംകുളം | - | 13 | 13 |

(സി) ഇതിൽ ഇതുവരെ എത്ര സ്ഥാപനങ്ങൾ പൂട്ടി; എത്ര ജീവനക്കാരെ പിരിച്ചുവിട്ടു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 3 സോണൽ ആഫീസുകൾ പൂട്ടി ജീവനക്കാരെ പിരിച്ചുവിട്ടിട്ടില്ല. പൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ മറ്റ് യൂണിറ്റുകളിലേയ്ക്ക് പുനർവിന്യസിപ്പിച്ചും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടത്തിയും പിരിച്ചുവിടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൺസ്യൂമർ ഫെഡിന്റെ നിലവിലുള്ള കടബാധ്യത എത്രയാണ്; സർക്കാരിൽ നിന്നും എത്ര തുക ലഭിക്കാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ?

(ഡി) കൺസ്യൂമർഫെഡറേഷന്റെ നിലവിലുള്ള കടബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | | കോടിയിൽ |
|---|---|---|
| 1 | ബാങ്ക് വായ്പ | 415.58 |
| 2 | സർക്കാർ/ എൻ.സി.ഡി.സി വായ്പ | 84.90 |
| 3 | പ്രൈമറി സംഘങ്ങൾക്ക് നൽകുവാനുള്ള സ്ഥിര നിക്ഷേപം | 141.65 |
| 4 | സർക്കാർ വായ്പയ്ക്ക് നൽകാനുള്ള പലിശ | 28.44 |
| 5 | ബാങ്ക് വായ്പകൾക്ക് നൽകാനുള്ള പലിശ | 26.74 |

| | | |
|---|---|---|
| 6 | പ്രൈമറി സംഘങ്ങൾക്ക് നല്കുവാനുള്ള സ്ഥിര നിക്ഷേപത്തിന്റെ പലിശ | 17.34 |
| 7 | വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക<br>നീതി<br>ത്രിവേണി<br>നോട്ട്ബുക്ക് | <br><br>287.70<br>69.06<br>1.23 |
| | ആകെ | 1072.64 |

കൺസ്യൂമർഫെഡിന്റെ കണക്ക പ്രകാരം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയ വകയിൽ സർക്കാരിൽ നിന്നും 409.54 കോടി രൂപ നല്കാനുണ്ട്.

സെക്ഷൻ ഓഫീസർ